# CURRENT AFFAIRS 08 APR 2025

- **2025 ഏപ്രിലിൽ ഹേഗ് ആസ്ഥാനമായുള്ള അന്താരാഷ്ട്ര ക്രിമിനൽ കോടതിയിലെ അംഗത്വം പിൻവലിക്കുന്നതായി പ്രഖ്യാപിച്ച രാജ്യം**
  ഹംഗറി

---

- **സംസ്ഥാനത്ത് ഭിന്നശേഷി സൗഹൃദാന്തരീക്ഷം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെയും ഭിന്നശേഷിക്കാരായ വ്യക്തികൾക്കും ബന്ധപ്പെട്ടവർക്കും ഉപജീവനമാർഗം ഒരുക്കുന്നതിന്റെയും ഭാഗമായി, ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ആരംഭിക്കുന്ന ഖാദി ഔട്ട്ലെറ്റുകൾ**
  ഏബിൾ പോയിന്റ് (Able Point)
  - എബിലിറ്റി ബിയോണ്ട് ലിമിറ്റ്സ് (Ability Beyond Limits) പദ്ധതിയുടെ ഭാഗമായാണ് എല്ലാ ജില്ലകളിലും യൂണിറ്റുകൾ സ്ഥാപിക്കുന്നത്.
  - ഭിന്നശേഷി ക്ഷേമ കോർപ്പറേഷനും ഭാരതീയ ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘവും ചേർന്നാണ് ഈ പദ്ധതി നടപ്പാക്കുന്നത്.




---

- **2025-ലെ ഫോർമുല വൺ ജാപ്പനീസ് ഗ്രാൻപ്രീ കിരീടം കരസ്ഥമാക്കിയത്**
  മാക്സ് വെർസ്റ്റപ്പൻ


മാക്സ് വെർസ്റ്റപ്പൻ

---

- **ഭൗമസൂചിക പദവി ലഭിച്ച ആദ്യ ആദിവാസി ഉത്പന്നം**
  കണ്ണാടിപായ
  - എറണാകുളം, തൃശൂർ, ഇടുക്കി, പാലക്കാട് ജില്ലകളിലെ ഊരാൻ, മണ്ണാൻ, മലയൻ, കാടർ, ഇരുളർ വിഭാഗത്തിലുള്ളവരാണ് കണ്ണാടിപായ നിർമ്മിക്കുന്നത്.



---

- **പോലീസ് സ്റ്റേഷനുകളിലെത്തുന്നവർക്ക് മാനസിക പിന്തുണ നൽകുന്നതിനായി കുടുംബശ്രീ ആരംഭിക്കുന്ന സെന്ററുകൾ**
  സ്നേഹിത എക്സ്റ്റൻഷൻ സെന്റർ
  - സംസ്ഥാനത്തെ ഡി.വൈ.എസ്.പി/എ.സി.പി ഓഫീസുകളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകളിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്നവരിൽ അടിയന്തിര മാനസിക പിന്തുണയും ക്ഷേമവും ആവശ്യമുള്ളവർക്ക് കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലർമാരെ ചുമതലപ്പെടുത്തി സ്നേഹിത എക്സ്റ്റൻഷൻ സെന്ററുകളിലൂടെ മാനസിക പിന്തുണ സേവനം ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.